# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 158** — **09.03.2015-ൽ മറുപടിയ്ക്ക്**

**വാഹന പരിശോധന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. കെ.എസ്.സലീഖ** | | **ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവത്കരണവും ശക്തമാക്കിയിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാഹനാപകടങ്ങൾ നേരിയ തോതിൽ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ശുഭയാത്ര-2016 എന്ന പദ്ധതി നടപ്പാക്കി വരുന്നത്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വാഹനാപകടങ്ങളിൽ എത്രപേർ മരണപ്പെട്ടു എന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | **18.05.2011 മുതൽ 28.02.2015 വരെ** വാഹനാപകടങ്ങളിൽ **15,739 പേർ മരണപ്പെട്ടു.** ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ മദ്യപിച്ചു വാഹനമോടിച്ചതിന്റെ ഫലമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, ഈയിനത്തിൽ എത്ര തുക വിവിധ കോടതികൾ മുഖേന പിഴയായി ഈടാക്കിയെന്ന് ആഭ്യന്തര വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഈ സർക്കാരിന്റെ കാലയളവിൽ മദ്യപിച്ചു വാഹനമോടിച്ചതിന്റെ ഫലമായി 7,94,744 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും, ഈയിനത്തിൽ 1,01,55,50,470/- രൂപ വിവിധ കോടതികൾ മുഖേന പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ കാലയളവിൽ ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, പിഴയിനത്തിൽ എന്ത് തുക ഈടാക്കി എന്ന് വ്യക്തമാക്കാമോ ; | (ഡി) | ഈ കാലയളവിൽ ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ 49,47,107/- പെറ്റി കേസ്സുകൾ എടുക്കുകയും, പിഴയിനത്തിൽ 49,04,54,200/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഈ കാലയളവിൽ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, പിഴയിനത്തിൽ എന്ത് തുക ഈടാക്കി എന്ന് വ്യക്തമാക്കാമോ; | (ഇ) | ഈ കാലയളവിൽ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ 12,69,498 പെറ്റി കേസ്സുകൾ എടുക്കുകയും, പിഴയിനത്തിൽ 12,49,65,900 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | സൺഫിലിമുകൾ ഒട്ടിച്ചതിന്റെ പേരിൽ ഈ കാലയളവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും പിഴയിനത്തിൽ എന്ത് തുക ഈടാക്കിയെന്നും വ്യക്തമാക്കാമോ ; | (എഫ്) | സൺഫിലിമുകൾ ഒട്ടിച്ചതിന്റെ പേരിൽ 3,20,644 പെറ്റി കേസ്സുകൾ എടുക്കുകയും, പിഴയിനത്തിൽ 3,52,22,100/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ജി) | റോഡിന്റെ മറവിൽ നിന്ന് വാഹന പരിശോധന നടത്തിയതിന്റെയും ട്രാഫിക്ക് സിഗ്നലിന്റെ സമീപത്ത് നിന്ന് വാഹന പരിശോധന നടത്തിയതിന്റെയും ഫലമായി പോലീസിനെ കണ്ട് ഭയന്ന് വാഹനം മുന്നോട്ടെടുത്തതിന്റെ ഫലമായി എത്ര പേർ ഈ കാലയളവിൽ മരണപ്പെട്ടു എന്ന് വ്യക്തമാക്കുമോ ; പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 06/2012 ലംഘിച്ചുകൊണ്ട് ഇപ്പോഴും ചില പോലീസ് ഉദ്യോഗസ്ഥർ ഇത്തരം വാഹന പരിശോധന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുവാനും ഇത്തരത്തിലുള്ള വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ജി) | റോഡിന്റെ മറവിൽ നിന്നും, ട്രാഫിക് സിഗ്നലിന്റെ സമീപത്ത് നിന്നും വാഹന പരിശോധന നടത്തിയതിന്റെ ഫലമായും പോലീസിനെ കണ്ട് ഭയന്ന് വാഹനം മുന്നോട്ടെടുത്തതിന്റെ ഫലമായും ഈ കാലയളവിൽ ആരും തന്നെ മരണപ്പെട്ടിട്ടില്ല. സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 06/2012 ലംഘിച്ചുകൊണ്ട് വാഹന പരിശോധന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ടി സർക്കുലർ നമ്പർ 6/2012 പാലിച്ചുകൊണ്ടായിരിക്കണം വാഹന പരിശോധനകൾ നടത്തേണ്ടതെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

18.05.2011 മുതൽ 2015 ഫെബ്രുവരി 8 വരെ വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ കണക്കുകൾ

| SL NO | DISTRICTS | വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ |
|---|---|---|
| 1 | TRIVANDRUM CITY | 642 |
| 2 | TRIVANDRUM RURAL | 1363 |
| 3 | KOLLAM CITY | 879 |
| 4 | KOLLAM RURAL | 706 |
| 5 | PATHANAMTHITTA | 529 |
| 6 | ALAPPUZHA | 1481 |
| 7 | KOTTAYAM | 950 |
| 8 | ERNAKULAM CITY | 573 |
| 9 | ERNAKULAM RURAL | 1382 |
| 10 | IDUKKI | 336 |
| 11 | TRISSUR CITY | 465 |
| 12 | TRISSUR RURAL | 1163 |
| 13 | PALAKKAD | 1325 |
| 14 | MALAPPURAM | 1245 |
| 15 | KOZHIKKODE CITY | 619 |
| 16 | KOZHIKKODE RURAL | 721 |
| 17 | WAYANADU | 236 |
| 18 | KANNUR | 750 |
| 19 | KASARAKODU | 374 |
| | STATE TOTAL | 15739 |

[signature]

Section Officer